പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.322 — 14.03.2017 ൽ മറുപടിയ്ക്ക്

## ന്യായവിലയ്ക്ക് നിത്യോപയോഗ സാധനങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| പ്രൊഫ. കെ.യു. അരുണൻ<br>ശ്രീ. സി.കൃഷ്ണൻ<br>ശ്രീ. വി. അബ്ദുറഹിമാൻ<br>ശ്രീമതി. പി. അയിഷാ പോറ്റി | ശ്രീ. പി. തിലോത്തമൻ<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ മന്ത്രി) |
| (എ) നിത്യോപയോഗ സാധനങ്ങൾ ന്യായവിലയ്ക്ക് പൊതു വിപണിയിൽ എത്തിക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ; | (എ) സബ്സിഡിയിൽ വിൽക്കുന്ന ഉൽപ്പന്നങ്ങൾ ഉൾപ്പെടെ 28 ഇനം അവശ്യ ഭക്ഷ്യധാന്യങ്ങൾ പൊതു വിപണിയേക്കാൾ 10 മുതൽ 20 ശതമാനം വരെ വിലകുറച്ച് ഫ്രീസെയിൽ സബ്സിഡി നിരക്കിൽ പൊതു ജനങ്ങൾക്ക് ആവശ്യമായ അളവിൽ ലഭ്യമാക്കി വരുന്നു .<br>അരിവില നിയന്ത്രിക്കുന്നതിനും അരിയുടെ ലഭ്യത ഉറപ്പുവരുത്തുന്നതിനും, വില വർദ്ധനവ് തടയുന്നതിനുമായി സംസ്ഥാനത്തൊട്ടാകെ അരിക്കട ഫെയറുകൾ ആരംഭിച്ച് തുടങ്ങിയിട്ടുണ്ട്.. എഫ്.സി.ഐ. ൽ നിന്നും ഇ-ഓക്ഷൻ മുഖേന പുഴക്കലരി, പച്ചരി എന്നിവ സംഭരിക്കുകയും വിൽപ്പന ശാലകൾ വഴി സബ്സിഡി നിരക്കിൽ , യഥാക്രമം 25/-, 23/- രൂപ ക്രമത്തിൽ വിതരണം ചെയ്യുന്നു. ആന്ധ്രാ ഇനത്തിലുള്ള ലളിത കുടുംബശ്രീ ബ്രാന്റഡ് അരി കിലോ ഗ്രാമിന് 41.87/- രൂപ നിരക്കിലും വിതരണം ചെയ്യുന്നു . ഓയിൽ പാം ഇൻഡ്യയുമായി സഹകരിച്ച് കുട്ടനാടൻ മട്ട അരി കിലോ ഗ്രാമിന് 33/- രൂപയ്ക്കും വിപണനം നടത്തുന്നുണ്ട്.<br>ആദിവാസി/ തീരദേശ മേഖലകളിൽ |

നിത്യോപയോഗ സാധനങ്ങളുടെ വിതരണത്തിനായി 22 സഞ്ചരിക്കുന്ന മാവേലി സ്റ്റോറുകൾ പ്രവർത്തിച്ചു വരുന്നു.

| | | | |
|---|---|---|---|
| (ബ) | നിലവിൽ മാവേലി സ്റ്റോറുകൾ ഇല്ലാത്ത പഞ്ചായത്തുകളിൽ അവ ആരംഭിക്കുന്നതിനും തെരഞ്ഞെടുക്കപ്പെട്ട മാവേലി സ്റ്റോറുകളെ സൂപ്പർ മാർക്കറ്റുകളായും ഹൈപ്പർ മാർക്കറ്റുകളായും ഉയർത്തുന്നതിനും തീരുമാനിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ; | (ബി) | ഉണ്ട്. മാവേലി സ്റ്റോർ ഇല്ലാത്ത 32 പഞ്ചായത്തുകളിൽ അവ ആരംഭിക്കുന്ന കാര്യം പരിഗണനയിലാണ്. പ്രതിമാസം ഏകദേശം 10 ലക്ഷത്തിനുമേൽ വിറ്റുവരവുള്ള മാവേലി സ്റ്റോറുകൾ കുറഞ്ഞത് 1000 ച. അടി വിസ്തീർണ്ണമുള്ള കെട്ടിടങ്ങളിലേയ്ക്ക് മാറ്റി സൂപ്പർ മാർക്കറ്റുകളായി ഉയർത്തിയും, പ്രതിമാസം 25 ലക്ഷത്തിനു മുകളിൽ വിറ്റുവരവുള്ളതും 2,500 ച. അടിയിൽ അധികം വിസ്തൃതിയുള്ളതും മതിയായ വാഹന പാർക്കിംഗ് സൗകര്യം ഉള്ളതും, പ്രധാനപ്പെട്ട നഗരങ്ങളിൽ പ്രവർത്തിച്ചു വരുന്നതുമായ സൂപ്പർ മാർക്കറ്റുകളെ പീപ്പിൾസ് ബസാറുകളാക്കി മാറ്റി ഉയർത്തിയും പ്രവർത്തിച്ചു വരുന്നുണ്ട്. സപ്ലൈകോയ്ക്ക് സ്വന്തമായി ഭൂമിയുള്ള സ്ഥലങ്ങളിലാണ് ഇപ്പോൾ ഹൈപ്പർ മാർക്കറ്റ് പ്രവർത്തിച്ചു വരുന്നത്. |
| (സി) | സംസ്ഥാനത്ത് കൂടുതൽ മാവേലി മെഡിക്കൽ സ്റ്റോറുകൾ ആരംഭിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ? | (സി) | ഉണ്ട്. മെഡിക്കൽ സ്റ്റോറുകൾക്ക് സാധ്യതയുള്ള സ്ഥലങ്ങളിൽ അനുയോജ്യമായ കെട്ടിടം കണ്ടെത്തി മാവേലി മെഡിക്കൽ സ്റ്റോറുകൾ ആരംഭിക്കാൻ നടപടി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ